/

പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.1597 — 13.07.2011ൽ മറുപടിയ്ക്ക്

വൃദ്ധസദനങ്ങൾ

ചോദ്യം — ഉത്തരം

ശ്രീ.ഇ.പി.ജയരാജൻ:

ഡോ.എം.കെ.മുനീർ,
(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)<br>ഗവൺമെൻറ് മേഖലയിലും ഗവൺമെൻറിതര മേഖലകളിലും പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ എത്രയുണ്ടെന്നു വ്യക്തമാക്കുമോ; | (എ)<br>ഗവൺമെൻറ് മേഖലയിൽ ആകെ 15 വൃദ്ധസദനങ്ങളും സന്നദ്ധ സംഘടനകൾ നടത്തുന്ന 154 വൃദ്ധസദനങ്ങൾ സർക്കാർ ഗ്രാൻറോടു കൂടിയും പ്രവർത്തിക്കുന്നു |
| (ബി)<br>ഗവൺമെൻറിതര മേഖലയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനു നിലവിലുള്ള സംവിധാനത്തെക്കുറിച്ചു വിശദീകരിക്കുമോ; | (ബി)<br>ഗവൺമെൻറിതര മേഖലയിൽ സംസ്ഥാനത്ത് ഓർഫനേജ് കൺട്രോൾ ബോർഡിൻെറ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾ ഉൾപ്പെടെയുള്ള ധർമ്മസ്ഥാപനങ്ങളുടെ പ്രവർത്തനവും നടത്തിപ്പും കാര്യക്ഷമമായി നിരീക്ഷിക്കുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിലെ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ മെമ്പറും പ്രൊബേഷൻ ആഫീസർ കൺവീനറും ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ചെയർമാനുമായിട്ടുള്ള ജില്ലാതല മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.<br>സർക്കാർ ഗ്രാൻറോടുകൂടി പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങൾക്ക് |

| | |
|---|---|
| | ഗ്രാൻറ് ലഭിക്കുന്നതിലേക്കായി ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർ ടി വൃദ്ധസദനങ്ങൾ പരിശോധിക്കുകയും റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ സ്ഥാപനങ്ങൾക്ക് ഗ്രാൻറ് അനുവദിക്കുകയും ചെയ്തു വരുന്നു. |
| (സി)<br>അത്തരം സംഘങ്ങൾക്ക് എന്തെല്ലാം സഹായങ്ങളും ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ; | (സി)<br>ഗവൺമെൻറിതര സംഘങ്ങളിലെ അന്തേവാസികൾക്ക് പ്രതിമാസം ഒരാളിന് 250/-രൂപ വീതം ഗ്രാൻറ് നൽകുന്നുണ്ട്. |
| (ഡി)<br>ഗവൺമെൻറ് മേഖലയിൽ പ്രവർത്തിക്കുന്ന വൃദ്ധസദനങ്ങളിൽ ജീവനക്കാരെ നിയമിക്കുമ്പോൾ ആ മേഖലയിൽ പ്രവർത്തിക്കുവാനുള്ള താൽപ്പര്യവും നൈപുണ്യവും കൂടി പരിഗണിച്ചു നിയമനം നടത്തുവാൻ വ്യവസ്ഥ ചെയ്തു കൊണ്ട് നിയമനങ്ങൾ സംബന്ധിച്ച സ്പെഷ്യൽ റൂളുകൾ ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ? | (ഡി)<br>ഇപ്പോൾ പരിഗണനയിലില്ല. |

R. Vijayel

സെക്ഷൻ ഓഫീസർ